# പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : **3290**

13-03-2017 ൽ മറുപടിയ്ക്ക്

## കേരളത്തിലെ തുറമുഖങ്ങൾ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. കെ.വി.വിജയദാസ് | : | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി<br>( തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പ് മന്ത്രി) |

| | ചോദ്യം | | മറുപടി |
|---|---|---|---|
| (എ) | കേരളത്തിൽ വലുതും ചെറുതുമായി എത്ര തുറമുഖങ്ങളാണ് നിലവിലുള്ളത് ; | (എ) | തുറമുഖവകുപ്പിനു കീഴിൽ 17 ചെറുകിട തുറമുഖങ്ങളും കേന്ദ്രസർക്കാരിനു കീഴിൽ കൊച്ചിയിൽ ഒരു വൻകിട തുറമുഖവും ഉണ്ട് . |
| (ബി) | പരമ്പരാഗത, ചെറുകിട തുറമുഖങ്ങളുടെ നവീകരണത്തിന് പദ്ധതിയുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ; | (ബി) | തീരദേശ കപ്പൽ ഗതാഗത പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി വിഴിഞ്ഞം , കൊല്ലം , ആലപ്പുഴ , കൊടുങ്ങല്ലൂർ , ബേപ്പൂർ , അഴീക്കൽ എന്നീ തുറമുഖങ്ങൾ ഘട്ടംഘട്ടമായി വികസിപ്പിക്കുന്നതിന് പദ്ധതിയുണ്ട് . ഇവയിൽ ആലപ്പുഴ തീരദേശ യാത്രാകപ്പൽ സർവ്വീസിനു വേണ്ടി പാസഞ്ചർ ടെർമിനലായിട്ടാണ് വികസിപ്പിക്കുന്നത്. പൊന്നാനി തുറമുഖം പി.പി.പി മാതൃകയിൽ സ്വകാര്യ പങ്കാളിത്തത്തോടുകൂടിയാണ് വികസിപ്പിക്കുന്നത് . |
| (സി) | ചെറു തുറമുഖ പദ്ധതികൾ ജനോപകാരപ്രദവും സർക്കാരിന് വരുമാനദായകവും ആകുന്ന തരത്തിൽ രൂപപ്പെടുത്തുന്നതിന് കർമ്മ പദ്ധതിയുണ്ടോ ; എങ്കിൽ വിശദ വിവരം നൽകുമോ ? | (സി) | തീരദേശകപ്പൽഗതാഗതം വഴി ചരക്ക് ഗതാഗതവും പാസഞ്ചർ ഗതാഗതവും നടപ്പിലാക്കാനുള്ള കോസ്റ്റൽ ഷിപ്പിംഗ് പദ്ധതി കേരള സർക്കാർ ആരംഭിച്ചിട്ടുണ്ട്. റോഡ് / റെയിൽ മാർഗ്ഗങ്ങളിലൂടെയുള്ള ചരക്ക് ഗതാഗതം, തീരദേശ കപ്പൽ സർവ്വീസ് വഴിയാക്കുന്ന പദ്ധതിയുടെ ഉദ്ഘാടനം 2013 നവംബർ 9-ന് കൊല്ലം തുറമുഖത്ത് നടന്നു. കോവളം - കന്യാകുമാരി , കൊച്ചി-കോഴിക്കോട്, കൊച്ചി - തിരുവനന്തപുരം |

പാസഞ്ചർ സർവ്വീസ് ആരംഭിക്കുന്നതിനുള്ള നടപടികളും പുരോഗമിച്ചുവരുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖാന്തിരം മാന്വൽ ഡ്രഡ്ജിംഗ് നടത്തുന്നതിനും അങ്ങനെ ലഭിക്കുന്ന പദാർത്ഥങ്ങൾ ശുദ്ധീകരിച്ച് വിൽപ്പന നടത്തുന്നതിനും പുതിയനയം ആവിഷ്കരിച്ചിട്ടുണ്ട്. തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിൽ രജിസ്റ്റർ ചെയ്യപ്പെടുന്ന തദ്ദേശീയരായ മണൽ വാരൽ തൊഴിലാളികൾ മുഖാന്തിരം ഡ്രഡ്ജിംഗ് നടത്തുമ്പോൾ തൊഴിലാളികൾക്ക് വരുമാനം, ശുദ്ധീകരണം നടത്തുന്നതിലൂടെ ഉപഭോക്താക്കൾക്ക് ശുദ്ധമായ മണൽ, മണൽ വിൽപ്പനയിലൂടെ സർക്കാരിന് വരുമാനം എന്നിവ ലഭ്യമാകുന്നു.

**സെക്ഷൻ ഓഫീസർ**